**Yet another serious threat to the largest surviving Elephant Population in India- The imminent severance of the Muthanga Elephant Corridor in Kerala Wayanad**

**An Appeal**

The world's largest remaining Asiatic elephant population is now found in India and their prime habitat of swampy, lower elevation forest has almost totally disappeared.

The elephant is the most sacred animal in the Indian ethos but the current official protection measures are grossly inadequate to safeguard the remaining wild population. There are now more enslaved elephants in most parts of its original range in India than wild ones.

There are three prime elephant habitats in the Indian sub-continent. The northern most is along the base of the Himalayas spanning both the Ganga and the Brahmaputra basins. The western part of this tract is called the Terais - the swampy foothills of the Himalayas extending from Uttaranchal in the west to Assam in the east including a large tract in southern Nepal and a smaller extent in Bhutan. The elephant population in this tract used to have links with the Burmese elephant population as well as the elephant population in the Chittagong Hill Tracts of Bangladesh. After the partition of India, during the 1950s, 60s and 70s, the Terai tract was cleared and settled to accommodate the huge influx of Hindu and Sikh population which moved into India from Pakistan and Bangladesh. By the 1 970s the Himalayan foothill elephant habitat had been nearly totally wiped out excepting a few small scattered pockets. The largest extent of the remaining northern habitat is in the Assam valley, in the foothills of Arunachal Pradesh and in the hills bordering Burma. This population once must have had connectivity with the elephant habitat as far east as that in Thailand and southern China. The Indian part of this habitat is a tract of military conflicts with grossly inadequate wildlife protection measures. Although there are a few Protected Areas in the eastern part of this elephant habitat in India, the status of elephants here is unknown.

The second population of elephants in India occupies an even more attenuated and fragmented habitat starting from the eastern border of West Bengal extending through the hills of Orissa, southern Jharkhand, Chattisgarh and eastern Andhra Pradesh. These are essentially the forests of the Eastern Ghats with heavy concentration of mining industry, large tribal population and many industrial development projects. Most of these forests have now been cleared and only a small population of wild elephants remain her. There is no large Protected Area essentially to cater to the needs of wild elephants in this tract.

The third, and potentially the most viable population of Asiatic elephants is found in the junction of the Western and Eastern Ghats and further west into the Western Ghats. This is a large diverse habitat including dry Deccan Plateau areas, moist as well as xerophytic forests on the western edge of the Eastern Ghats, the Cauvery upper reaches extending all the way west girdling the Nilgiris with a range of forests including sub-temperate montane sholas to dry sandal forests and the rainforests on the western slope of the Western Ghats draining to the Arabian Sea.

The extensive southern Peninsular elephant habitat has a complex configuration with three arms. The southern arm stretches from the Palakkad Gap north to the south-western slopes of the Nilgiris. The northern arm extends from north of Nilgiris to the Coorg Hills. The eastern arm stretches from the eastern edge of the Nilgiris across the Moyar River to the Biligirirangan part of the Eastern Ghats. These three arms link up in the Kerala Wayanad. This 6000sq km of forests with its range of habitats around the Nilgiri mountains fall within the southern Indian States of Karnataka, Tamil Nadu and Kerala. The western part of this tract is steeper with denser forests and heavier rainfall and is not really prime habitat, while the eastern part is drier and more suitable. Hence there is a constant movement of elephants between these two parts crossing various State boundaries. But there is inadequate inter-State co-ordinated effort in protecting the elephant and its habitat.

Elephants need lots water and forage in the summer, so they migrate from the eastern to the western parts of this area according to the rhythm of the climate. The uninhabited lower mountain valleys in the past were their traditional refugia in the peak of summer. But a very large number of dams have been built all along

these valleys since Independence with river water virtually disappearing into irrigation canals in the summer and so water is now a limiting factor within this entire elephant habitat. These river valley development projects with the associated roads, human settlements and other constructions have severely fragmented the habitat and restricted elephant movement.

This area used to contain the best teak forests in India. Teak was favoured by the British for railway construction and was therefore over-exploited. Natural moist mixed forests were cleared and replaced with vast monoculture teak plantations. The deciduous teak plantations desiccated the landscape so that even the under-storey fodder that was available for elephants disappeared.

Bamboo is an ideal elephant food and there are extensive bamboo dominated forest patches in this area. But bamboo is also an industrial raw material for pulp and rayon and .' three huge pulp mills have been built to exploit this 'cheap' forest resource drastically curtailing their availability for the elephants. The manual bamboo extraction operations necessitating large labour force creates severe disturbance for elephants and prevents them from using that part of their range. Bamboo rebuilds soils and creates an ideal microclimate necessary for forest regeneration. But continuous bamboo over-extraction has stopped forest regeneration and intense forests fires have destroyed the under-storey and large areas are reverting to an extremely desiccated weed infested landscape.

Apart from river valley projects, increasing population in the plains and modern development moving up the hills necessitating roads, rail tracks, powerlines also resulted in the fragmentation of the once extensive forests so that today only 4500sq km of habitat remains accessible for elephants in this area extending around the junction of these three States. This part of the Asiatic elephant habitat possibly has now the largest number of Protected Areas still supporting wild elephants. Within this tract a narrow strand of forests linking the Eastern and Western Ghats is about to be severed by a railway track linking up Karnataka with Tamil Nadu passing through the Sathyamangalam slopes. Incidentally, apart from poaching, a single recorded factor resulting in the death of the largest number of elephants in all parts of its range in India has been collision with railway locomotives.

The core of this 4500sq km Peninsular Indian elephant habitat is part of the Nilgiri Biosphere Reserve. It falls within five Protected Areas namely the Bandipur Tiger Reserve in Karnataka, the Mudumalai Tiger Reserve in Tamil Nadu, the Nagarhole National Park in Karnataka and the Wayanad Wildlife Sanctuary in Kerala. But even within this Protected Area network actual protection for the elephants is inadequate. Gradual erosion of habitat quality continues and because there is a large tribal population within the tract, man-elephant conflict is also constantly increasing. There is uncontrolled tourism far exceeding the capability of the habitat to absorb it. Adding to all these pressures acting on the elephant is the consequences of global warming further threatening the long-term viability of the largest concentration of Asiatic elephants.

Of a total population of about 2000 elephants surviving in Peninsular India in the various fragmented habitat islands, the largest single population which could be more than 1000 elephants must be surviving in a near contiguous habitat extending over this 4500sq km tract.

Historically the most famous elephant habitat used to extend from the present day Mudumalai Tiger Reserve along the north-western foot of the Nilgiri Mountains towards north and west along the Kabini River valleys till the famous elephant capture (khedda) area around Karapur in Karnataka. The western end of this tract has been partly submerged by an irrigation reservoir and around the reservoir extensive areas have been cleared for rehabilitating dam displaced farmers. The eastern end of the tract in Tamil Nadu has become drier over the years and the population of elephants have to move west in summer. This migration used to be through the forests in the present day Bandipur Tiger Reserve and the Nagarhole National Park in Karnataka. But direct movement from Tamil Nadu in this direction is no longer possible along the entire stretch because of ' habitat discontinuity. Mudumalai has an extensive border shared with the Wayanad Wildlife Sanctuary in Kerala, a 344sq km Protected Area with a number of perennial streams and, in spite of past destruction, good summer elephant forage because of heavier rainfall. This is now the only way for the elephants to migrate from the east to the west in the dry time and return during the wet season.

But due to habitat fragmentation, elephants moving from Mudumalai to Wayand have to pass through a corridor which is only about 2.5 km wide extending from Mulehole in Karnataka west to Muthanga in Kerala. Within this corridor there is an enclosure around Ponkuzhi which is fast developing into a temple pilgrimage as well as wayside halting 'point as the inter-State highway (NH 212) cuts through this forest. There is a perennial river, the Noolpuzha running through this corridor and for 3 or 4 months of the year this river is the sole water source for a large population of elephants moving through. The major inter-state highway linking Bangalore with Calicut passing through this corridor is used by hundreds of vehicles round the clock. Night-time is preferred by trucks carrying goods in order to avoid traffic congestion and being an inter-State road, there are four different government departmental check-posts located close to Muthanga in the Kerala side. There are similar check-posts on the Karnataka side also. But the Kerala check- posts are all currently located on the western edge of the narrow corridor. Recently a decision has been made to relocate all these check-posts within one campus and the location selected is exactly within the centre of the corridor. This development would include all manner of infrastructure - building complexes, housing, offices, toilets and dormitories for drivers, a fuel filling station and so on. The checkpoint clearance takes hours, so there would be hundreds of lorries parked along the road throughout the night on either side of the checkpoints within the forests preventing elephants from using the corridor.

Work has already started in cutting a trench to prevent elephants from crossing the road cutting them off from the river and whatever little fodder is available on the river margin. There are better locations for the check-post that would protect the elephant habitat. The best solution would be the relocation of the checking stations to outside the forest on the Kerala side of the corridor where suitable land for this is available. It is also necessary to prohibit vehicle movement during certain night-time hours for example, between 11 p.m. and 4 a.m.

The Wayanad Nature Protection Group (Wayanad Prakruthi Samrakshana Samati) has appealed to the world community to help prevent the severance of this critical corridor. They are asking all those concerned with the survival of the wild Asian Elephant to send letters to the Government of Kerala requesting the relocation of

the checking stations to outside the forest corridor and to take additional measures to ensure the continued flourishing of these magnificent animals.

Please send letter, emails or faxed to the Chief Minister of Kerala with copies to the Minister for Forests and Wildlife, Minister for Finance, the Principal Chief Conservator of Forests as well as to the Inspector General in charge of Project Elephant, Ministry of Environment and Forests .Government of India. Copies of the letters to local newspapers would be most welcome.

S.Bathery
30-01-2009

N.Badusha,
President,
Wayanad Prakrithy SamarakshonaSamithi
Sulthan Bathery, Wayanad
Kerala – 673592
***Ph: 04936 270222***

# സൈലന്റ്‌വാലി രജതജൂബിലി
# ജനകീയ ആഘോഷം

ബഹുമാന്യ സുഹൃത്തേ,

സൈലന്റ്‌വാലി രജതജൂബിലിയാഘോഷ പരിപാടികൾ തയ്യാറായി വരുന്നു. കോഴിക്കോട്ട് നടക്കുന്ന പരിപാടി ഡിസംബർ പത്താം തീയതി ചിപ്‌കോ ദൂതൻ ശ്രീ. സുന്ദർലാൽ ബഹുഗുണ ഉദ്ഘാടനം ചെയ്യും. ഉച്ചകഴിഞ്ഞ് നടക്കുന്ന ചർച്ച യുടെ വിഷയം സൈലന്റ്‌വാലി : തിരിഞ്ഞുനോക്കുമ്പോൾ എന്നതാണ്.

അപ്പിക്കോ നേതാവ് ശ്രീ. പാണ്ഡുരംഗ് ഹെഗ്‌ഡേ, സൈലന്റ് വാലി സമര ത്തിൽ മുൻപന്തിയിലുണ്ടായിരുന്ന പ്രൊഫ. എം.കെ. പ്രസാദ്, ശ്രീമതി സുഗതകുമാരി, ഡോ. എം.പി. പരമേശ്വരൻ, ഡോ. വി.എസ്. വിജയൻ, ശ്രീ. അച്ച്യുതവാര്യർ, ശ്രീ. ആർ.കെ. രമേശ്, പ്രൊഫ. പി.വി. കിഷോർ തുടങ്ങിയ വർ പരിപാടികളിൽ പങ്കെടുക്കും.

അന്ന് വൈകിട്ട് കവിയരങ്ങ്. ശ്രീമതി സുഗതകുമാരിക്ക് പുറമേ, പ്രൊഫ. വിഷ്ണുനാരായണൻ നമ്പൂതിരി, ഡി.വിനയചന്ദ്രൻ, മധുസൂദനൻ നായർ, സച്ചിദാനന്ദൻ പുഴങ്കര, റ്റി.പി.രാജീവൻ മുതലായവരും സംബന്ധിക്കും. ഒരു വർഷം സൈലന്റ്‌വാലിയിൽ താമസിച്ച്, മഴക്കാടിന്റെ ഋതുഭേദങ്ങൾ ക്യാമറ യിൽ പകർത്തിയ ശ്രീ.എൻ.പി.ജയന്റെ ഫോട്ടോ പ്രദർശനമാണ് മറ്റൊരു പ്രധാനപരിപാടി.

പതിനൊന്നാം തീയതി നടക്കുന്ന കേരളത്തിലെ വനങ്ങൾ നേരിടുന്ന വിപത്തുക്കളെക്കുറിച്ചുള്ള സെമിനാറിൽ അഡ്വ.എൽ.നമശിവായൻ, ശ്രീ.പി.കെ.ഉത്തമൻ, ഡോ.എ.ലത, ശ്രീ.ടി.പി. പത്മനാഭൻ, പ്രൊഫ. ഇ.കുഞ്ഞികൃഷ്ണൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

വയനാട് പ്രകൃതി സംരക്ഷണ സമിതി, സീക്ക്, മലബാർ നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റി, കേരളാ നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റി, ചാലക്കുടിപ്പുഴ സംര ക്ഷണ സമിതി, തിരുവനന്തപുരം പ്രകൃതിസംരക്ഷണസമിതി, പൂയംകുട്ടി സംരക്ഷണസമിതി, വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് എന്നീ സംഘടനകൾ സംയുക്തമായി മലബാർ ക്രിസ്ത്യൻ കോളേജ് സുവോളജി ഡിപ്പാർട്ടുമെന്റിന്റെ സഹകരണത്തോടെയാണ് ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നത്.

രണ്ട് ദിവസത്തെയും പരിപാടികളിൽ താങ്കളുടെ സാന്നിദ്ധ്യവും സഹകരണവും അഭ്യർത്ഥിക്കുന്നു. വിശദമായ പരിപാടികൾ പിന്നാലെ.

സ്നേഹാദരങ്ങളോടെ,
എൻ.ബാദുഷ
കൺവീനർ, ജനകീയ ആഘോഷകമ്മിറ്റി

കോഴിക്കോട്
18-11-09

വയനാട്
പ്രകൃതി സംരക്ഷണസമിതിയുടെ
മുപ്പതാം വാർഷികം
സൈലന്റ്‌വാലി
രജത ജൂബിലി ആഘോഷം.

ശ്രീ. എൻ. പി. ജയന്റെ സൈലന്റ്‌വാലി
ഫോട്ടോകളുടെ പ്രദർശനം.

2009 ഡിസംബർ 14, 15 തീയതികളിൽ

സുൽത്താൻ ബത്തേരി പഞ്ചായത്ത്
കമ്മ്യൂണിറ്റി ഹാളിൽ

ചിപ്കോദൂതൻ
ശ്രീ. സുന്ദർലാൽ ബഹുഗുണ
ഉദ്ഘാടനം ചെയ്യുന്നു.

*സുഹൃത്തെ,*

വയനാട് പ്രകൃതിസംരക്ഷണ സമിതിയ്ക്ക് മുപ്പത് വയസ്സ് തികയുകയാണ്. വർഷങ്ങൾക്ക് മുൻപ് നൂൽപ്പുഴ യിൽ വനംവകുപ്പ് നടത്തിക്കൊണ്ടിരുന്ന ക്ലിയർഫെല്ലിങ്ങിനെ തിരെയുള്ള ഒരു ജനകീയ സമരവുമായി, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് കുറച്ച് പ്രകൃതി സ്നേഹികൾ രൂപം കൊടുത്ത ഒരു ചെറിയ സംഘടനയാണ് വയനാട് പ്രകൃതിസംരക്ഷണ സമിതി. നിയമ വിരുദ്ധമായ ആനപിടുത്തം, സെലക്ഷൻ ഫെല്ലിങ്ങ്, യൂക്കാലിപ്റ്റസ് നട്ടുപിടിപ്പിക്കൽ, സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായുള്ള അക്കേഷ്യ നടൽ, തുടങ്ങിയവയ്ക്കെതിരായി സമിതി നടത്തിയ ദീർഘകാലത്തെ പ്രക്ഷോഭങ്ങൾ കേരളത്തിലെ വനസംരക്ഷണ ചരിത്രത്തിലെ അദ്ധ്യായങ്ങളാണ്. എടക്കൽ ഗുഹാസംരക്ഷണത്തിന് വർഷങ്ങൾക്ക് മുൻപ് സമിതി നടത്തിയ പരിപാടികൾ അഖിലേന്ത്യാതലത്തിൽത്തന്നെ ശ്രദ്ധ നേടിയിരുന്നു. കാട്ടുതീ തടയുവാൻ സമിതി നടത്തിയ ബോധവൽക്കരണ പരിപാടികൾ പിന്നീട് വനംവകുപ്പിനുതന്നെ മാതൃകയായിത്തീർന്നു. മുത്തങ്ങയിലെ സംരക്ഷിത വനമേഖലയിലെ കൈയ്യേറ്റത്തിനെതിരെ സമിതിയെടുത്ത ധീരമായ നിലപാട് തുടക്കത്തിൽ എതിർപ്പുകൾ നേരിട്ടുവെങ്കിലും പിന്നീട് അംഗീകരിക്കപ്പെട്ടുവെന്നത് സന്തോഷകരമായ കാര്യമാണ്.

കേരളത്തിനകത്തും പുറത്തുമുള്ള പ്രകൃതി സ്നേഹികളുടെ ധീരമായ ചെറുത്തു നിൽപ്പിന്റെ ഫലമായി ഇരുപത്തിയഞ്ചു വർഷം മുൻപ് സൈലന്റ്‌വാലി സംരക്ഷിക്കപ്പെട്ടു. വികസനത്തിന്റെ പേരിലുള്ള പരിസ്ഥിതി ധ്വംസനത്തിനെതിരെയുള്ള ഐതിഹാസികമായ സമരമായിരുന്നു സൈലന്റ്‌വാലി പ്രക്ഷോഭം. വയനാട് പ്രകൃതിസംരക്ഷണ സമിതിയുടെ മുപ്പതാം വാർഷികാചരണം, സൈലന്റ്‌വാലിയുടെ രജതജൂബിലിയാഘോഷം, പ്രസിദ്ധ ഫോട്ടോഗ്രാഫർ ശ്രീ. എൻ.പി. ജയൻ ക്യാമറയിൽ പകർത്തിയ സൈലന്റ്‌വാലിയുടെ അപൂർവ്വ ദൃശ്യങ്ങളുടെ പ്രദർശനം എന്നിവ രണ്ടു ദിവസങ്ങളിലായി നടത്തപ്പെടുകയാണ്.

ഇതോടൊപ്പം വയനാടിന്റെ പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങളിൽ നിർണായകമായ പങ്കുവഹിച്ച പത്രമാധ്യമ പ്രവർത്തകരുടെ പ്രതിനിധികളായ ശ്രീ. ടി.പി. ബാലകൃഷ്ണപിള്ള (മാതൃഭൂമി), ശ്രീ. പ്രദീപ് മാനന്തവാടി (കേരള കൗമുദി), ശ്രീ. കോണിക്കൽ ഖാദർ (ചന്ദ്രിക) എന്നിവരെ ആദരിക്കുകയും ചെയ്യുന്നു.

2009 ഡിസംബർ 14 തിങ്കളാഴ്ച രാവിലെ 10 മണിക്ക് സുൽത്താൻ ബത്തേരി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ലോകപ്രശസ്ത പരിസ്ഥിതി പ്രവർത്തകനും ചിപ്കോ പ്രസ്ഥാനത്തിന്റെ ദൂതനുമായ ശ്രീ. സുന്ദർലാൽ ബഹുഗുണ പരിപാടികൾ ഉദ്ഘാടനം ചെയ്യുന്നു. ഫോട്ടോ പ്രദർശനം ഡിസംബർ 15-നും തുടരുന്നതാണ്. തദവസരത്തിൽ താങ്കളുടെ സാന്നിദ്ധ്യസഹകരണങ്ങൾ സാദരം ക്ഷണിക്കുന്നു.

സ്നേഹാദരങ്ങളോടെ,

| | |
|---|---|
| **ബാബു മൈലമ്പാടി** | **എൻ. ബാദുഷ** |
| സെക്രട്ടറി | പ്രസിഡണ്ട് |

**വയനാട് പ്രകൃതി സംരക്ഷണസമിതി**

**പി.എം. സുരേഷ്**

ചെയർമാൻ, ആഘോഷക്കമ്മിറ്റി

*Modern Offset Printers, Sultan Bathery. Ph: 222681*

# കാര്യപരിപാടി

രാവിലെ 10 മണി :

സ്വാഗതം : ശ്രീ. കെ.പി. അബ്ദുൾ വഹാബ്

അദ്ധ്യക്ഷൻ : ശ്രീ. പി.കെ. ഉത്തമൻ

ആമുഖം : ശ്രീ. എൻ. ബാദുഷ

ഉദ്ഘാടനം : **ശ്രീ. സുന്ദർലാൽ ബഹുഗുണ**

ആശംസകൾ :

1. ശ്രീ. ടി.പി. പത്മനാഭൻ
   (സീക്ക്, പയ്യന്നൂർ)
2. ശ്രീ. പി.സുരേശൻ
   (പ്രസിഡണ്ട്, വയനാട് പ്രസ്ക്ലബ്ബ്)
3. ശ്രീ. രമേശ് എഴുത്തച്ഛൻ
   (സെക്രട്ടറി, വയനാട് പ്രസ്ക്ലബ്ബ്)
4. പ്രൊഫ. ടി. മോഹൻ ബാബു

മാധ്യമ പ്രവർത്തകരെ
പരിചയപ്പെടുത്തുന്നത് : ശ്രീ. എം. ഗംഗാധരൻ

മാധ്യമ പ്രവർത്തകരെ
ആദരിക്കൽ : ശ്രീ. സുന്ദർലാൽ ബഹുഗുണ

നന്ദി : ശ്രീ. തോമസ് അമ്പലവയൽ

## വന്യജീവികൾക്കെതിരെ ബാംഗ്ലൂരിലേക്ക് പട നയിച്ച മന്ത്രി ബിനോയി വിശ്വത്തിന് വന്യജീവി സംരക്ഷണത്തെക്കുറിച്ച് പറയാൻ എന്തവകാശം?

ഇതാ വീണ്ടുമൊരു വന്യജീവിവാരം. വയനാട്ടിലെ ജനങ്ങളെ വന്യജീവിസംരക്ഷണത്തിന്റെ പ്രാധാന്യം പഠിപ്പിക്കാൻ മന്ത്രി തന്നെ നേരിട്ടെത്തുകയാണ്.

വന്യജീവിസംരക്ഷണം പ്രധാനം തന്നെ. മനുഷ്യനും മനുഷ്യൻ ഇണക്കി വളർത്തുന്ന ഏതാനും മൃഗങ്ങളും കൃഷി ചെയ്യുന്ന കുറച്ച് സസ്യങ്ങളും ഒഴികെ, ജീവനുള്ള സകലതും വന്യജീവിയുടെ നിർവചനത്തിൽ പെടും. അമീബ മുതൽ ആനയും തിമിംഗലവും വരെ. ഭൂമിയിലുള്ള മൂന്നുകോടിയിലേറെ വന്യജീവികളിലോരോന്നിനും അതിന്റേതായ ആവാസവ്യവസ്ഥയിലേ നിലനിൽക്കാൻ കഴിയൂ. അപ്പോൾ, വന്യജീവിസംരക്ഷണമെന്നാൽ ആവാസവ്യവസ്ഥകളുടെ സംരക്ഷണമാകുന്നു. അല്ലാതെ ഏതാനും സുന്ദരമൃഗങ്ങളുടെയോ പൈങ്കിളികളുടെയോ സംരക്ഷണമല്ല.

ഭൂമിയിൽ ജീവനുത്ഭവിച്ചിട്ട് 350 കോടി വർഷമായി. ഈ സുദീർഘമായ കാലയളവിലെ അഭംഗുരമായ പരിണാമത്തിന്റെ ഫലമാണ് ഭൂമുഖത്തെ ജൈവവൈവിദ്ധ്യം. ഏററവും ഒടുവിലത്തെ പതിനായിരംവർഷംകൊണ്ട് മനുഷ്യൻ 350കോടി വർഷത്തെ സൃഷ്ടിയുടെ 90 ശതമാനത്തിലേറെ തുടച്ചുനീക്കിക്കഴിഞ്ഞു. ശേഷിക്കുന്ന അഞ്ചോ പത്തോ ശതമാനം കാടും പുൽമേടുകളും ചതുപ്പുകളും പുഴകളും നൽകുന്ന വിലമതിക്കാനാവാത്ത സേവനങ്ങളെ ആശ്രയിച്ചുവേണം ഇനി ഭൂമിയിലെ ജീവിതം.

കഴിഞ്ഞ നൂററമ്പത് വർഷമായി വ്യാവസായികമനുഷ്യൻ ഉണ്ടാക്കിയ അന്തരീക്ഷമലിനീകരണത്തിൽ ഭൂമിയാകെ വെന്തുരുകുകയാണ്. ഒരിക്കലും വളരില്ലെന്നറിഞ്ഞുകൊണ്ട് നടുന്ന പത്ത് മരത്തൈകൾക്ക് ആഗോളതാപനത്തെ തടഞ്ഞുനിർത്താനാവില്ല. ദിനംപ്രതി ആയിരക്കണക്കിന് ജന്തു-സസ്യജാതികളാണ് ആഗോളതാപനത്തിന്റെ ഫലമായിത്തന്നെ വംശനാശത്തിന്റെ തമോഗർത്തത്തിലേക്ക് പതിക്കുന്നത്. ഒടുവിൽ, അറുനൂറുകോടിയും കവിഞ്ഞ് കുതിച്ചുയർന്നുകൊണ്ടിരിക്കുന്ന മനുഷ്യജാതിയും അടുത്തുതന്നെ ആഗോളതാപനംമൂലമുള്ള കാലാവസ്ഥത്തകർച്ചകളുടെ ഇരയായേക്കാം. അപ്പോൾ അങ്ങിങ്ങ് അവശേഷിക്കുന്ന അവസാനത്തെ പച്ചത്തുരുത്തുകൾ ഭൂമിയിലെ ജീവന്റെ ലൈഫ് ബോട്ടുകളായിരിക്കും. അവയിൽ കയറി രക്ഷ

പ്പെടാൻ ഭാഗ്യം സിദ്ധിക്കുന്ന നമ്മുടെ മക്കൾക്കുവേണ്ടിയാണ് ശേഷിക്കുന്ന കാടും കടലും മലയും പുഴയും കാത്തുസൂക്ഷിക്കേണ്ടത്. മററൊന്നിനും വേണ്ടിയല്ല.

പക്ഷേ, ഭൂമിദേവിയുടെ മാറത്തെ ഹരിതകഞ്ചുകം പിച്ചിച്ചീന്തി രുധിരം മോന്താനുള്ള അടങ്ങാത്ത അത്യാർത്തിയാണ് മനുഷ്യൻ ഇപ്പോഴും പ്രകടിപ്പിക്കുന്നത. കേരളവും ഇതിൽ നിന്ന് ഭിന്നമല്ല. ഇവിടെയിപ്പോൾ മൃഗവേട്ടയ്ക്കും പാമ്പുപിടുത്തത്തിനും ഇറങ്ങിയിരിക്കുന്നത് സ്ഥിരം കുററവാളികളും നായാടികളും മാത്രമല്ല. വിദ്യാർത്ഥികളും യുവാക്കളും അടക്കമുള്ള പുരുഷാരം മുഴുക്കെയാണ്. ചോദിക്കാനോ, ആരുമില്ല.

മുമ്പ് കെ.പി. നൂറുദ്ദീൻ വനംമന്ത്രിയായിരുന്നപ്പോൾ, ഇതുപോലൊരു വന്യജീവിവാരാഘോഷം സുൽത്താൻ ബത്തേരിയിൽ നടന്നു. വന്യജീവിസങ്കേതങ്ങളിലെ കാടുകൾ വരെ വെട്ടി യൂക്കാലിപ്റ്റസും അക്കേഷ്യയും ബ്ളാക്ക വാററിലും മററും നടുന്നതായിരുന്നു അന്ന് വനംവകുപ്പിന്റെ പ്രധാനപണി. നിരോധനം ലംഘിച്ച് ആനകളെ പിടിക്കുന്നത് മുഖ്യവിനോദവും. 'ബോധവൽക്കരണം വേണം, ആർക്ക്?' എന്ന തലക്കെട്ടോടെ അന്ന് ഞങ്ങൾ ഇതുപോലൊരു ലഘുലേഖയിറക്കിയിരുന്നു.

യൂക്കാലിപ്റ്ററസ് കൃഷിയും ആനപിടിത്തവുമൊക്കെ ഇന്നും തുടരുന്നു. അതിലും വിധ്വംസകമായ ചില കർമ്മപരിപാടികൾ കൂടി ഇന്ന് വനംവകുപ്പിനുണ്ട്.

വിനോദസഞ്ചാരമാണ് അവയിൽ മുഖ്യം. നാഷണൽ പാർക്കുകൾ അടക്കമുള്ള വിനോദസങ്കേതങ്ങളും റിസർവ് വനങ്ങളും മുഴുവൻ വിനോദസഞ്ചാരികൾക്കായി തുറന്നിട്ടിരിക്കുകയാണ്. പെരിയാർ (തേക്കടി) കടുവാസംരക്ഷണമേഖലയിലേക്ക് പ്രതിവർഷം ആട്ടിത്തെളിച്ചുകൊണ്ടുവരുന്നത് 5-ലക്ഷം മനുഷ്യരെയാണ്. വയനാട് വന്യജീവിസങ്കേതത്തിലേക്ക് രണ്ട് ലക്ഷവും. ഇത്തിരിപ്പോന്ന, ദുർബലമായ ഇരവികുളത്ത് ഒരു സാധാരണദിവസം എത്തുന്നത് ആയിരം സന്ദർശകരാണ്. ഇത്രയും സന്ദർശകരെ ഉൾക്കൊള്ളാൻ ഈ ആവാസവ്യവസ്ഥകൾക്ക് കഴിയുമോ എന്നതിനെക്കുറിച്ച് യാതൊരു പഠനവും നടന്നിട്ടില്ല. വന്യജീവിസംരക്ഷണത്തിനായി ഉഴിഞ്ഞുവച്ചിട്ടുള്ള കാടിനുള്ളിൽ നൂറ് കിലോമീററർ വേഗത്തിലാണ് സദാസമയവും സ്വകാര്യവാഹനങ്ങൾ ഇരമ്പിപ്പായുന്നത്. വന്യജീവിസങ്കേതങ്ങളുടെ ഉള്ളിൽ പോലും വന്യജീവികൾക്ക് സ്വൈര്യമില്ല. പക്ഷിപാതാളത്തിൽ പക്ഷികളില്ലാതായതിന് കാരണം ടൂറിസം മാത്രമാണ്.

നിയന്ത്രണമില്ലാത്ത ടൂറിസമാണ് വർദ്ധിച്ചുകൊണ്ടിരിക്കുന്ന കാട്ടുതീയ്ക്ക് ഒരു പ്രധാന കാരണം. കഴിഞ്ഞ വേനൽക്കാലത്ത് പ്രകൃതിസംരക്ഷണസമിതിയുടെ ഇടപെടലിന്റെ ഫലമായി വിനോദസഞ്ചാരം നിർത്തിവച്ചപ്പോൾ വയനാട് വന്യജീവി സങ്കേതത്തിലെ കാട്ടുതീ അണയുകയുണ്ടായി. എന്നാൽ, വിനോദസഞ്ചാരം നിയന്ത്രിക്കാൻ അന്ന് വനം വകുപ്പ് കൈക്കൊണ്ട തീരുമാനങ്ങളൊന്നും ഇന്നും നടപ്പാക്കിയിട്ടില്ല.

ലക്കും ലഗാനുമില്ലാത്ത വിനോദസഞ്ചാരമാണ് തേക്കടിയിലും തട്ടേക്കാട്ടും ഉണ്ടായതുപോലെയുള്ള ദാരുണ അപകടങ്ങൾക്ക് കാരണം. ഇന്നത്തെപോക്കിൽ, വയനാട്ടിലും മററ് വന്യജീവിസങ്കേതങ്ങളിലും ഇതിനേക്കാൾ വലിയ ദുരന്തങ്ങളാണ് പതിയിരിക്കുന്നത്. ദിവസവും പുതിയ ടൂറിസം പദ്ധതികൾ ഉദ്ഘാടനം ചെയ്തില്ലെങ്കിൽ ഉറക്കം വരാത്ത മന്ത്രിയും, വിനോദസഞ്ചാരികളെ സുഖിപ്പിക്കുന്നതാണ് തങ്ങളുടെ പ്രധാന കർത്തവ്യമെന്ന് ധരിച്ചുവശായിരിക്കുന്ന ഭൂരിഭാഗം വനപാലകരും (മറിച്ചു ചിന്തിക്കുന്ന ന്യൂനപക്ഷത്തെ ഞങ്ങൾ നമിക്കുന്നു) ഇതിൽ നിന്നൊന്നും പാഠം പഠിക്കുമെന്ന് തോന്നുന്നില്ല.

ഈ ഘോരാന്ധകാരത്തിൽ ഒരു കൈത്തിരിവെട്ടമാണ് ബന്ദിപ്പൂർ നാഷണൽ പാർക്കിനുള്ളിൽ രാത്രികാല ഗതാഗതം നിരോധിച്ചുകൊണ്ടുള്ള കർണ്ണാടക ഹൈക്കോടതി വിധി. നൂൽപ്പുഴയിലും മോയാറിലും വെള്ളം കുടിക്കാനെത്തുന്ന വന്യമൃഗങ്ങളെ രക്ഷിക്കുന്ന വിധി. നിരോധനം വൈകിട്ട് 6 മണി മുതൽ പുലർച്ചെ 6 വരെ നീട്ടണമെന്നും അത് കേരളത്തിലേക്ക് കൂടി വ്യാപിപ്പിക്കണമെന്നുമാണ് പരിസ്ഥിതി സംഘടനകൾ ആവശ്യപ്പെടുന്നത്. അതിനിടെ, നിരോധനത്തിനെതിരെ ബാംഗ്ലൂരിലേക്ക് പട നയിച്ചത്, കേരളമന്ത്രിസഭയിൽ വന്യജീവികൾക്കുവേണ്ടി നിലകൊള്ളേണ്ട, വനം-വന്യജീവിവകുപ്പ് മന്ത്രി ബിനോയ് വിശ്വമാണെന്നുള്ളത് എന്തൊരു വിരോധാഭാസം ! "എന്റെ പോഴത്തം, എന്റെ വലിയ പോഴത്തം" എന്ന് ഏറ്റുപറയുകയെങ്കിലും ചെയ്യാതെ കേരളത്തിന്റെ വനം-വന്യജീവി വകുപ്പ് ഭരിക്കാൻ അദ്ദേഹത്തിന് എന്ത് അർഹത.

വയനാട് പ്രകൃതി സംരക്ഷണസമിതി
സുൽത്താൻ ബത്തേരി

സുൽത്താൻ ബത്തേരി
08-10-2009

*"ഉഷ്ണമേഖലാമഴക്കാടുകളാണ് ആഗോള ജൈവവൈവിദ്ധ്യത്തിന്റെ തലസ്ഥാനം. മൊത്തം കരയുടെ 6% മാത്രം വരുന്ന ഈ മഴക്കാടുകളിലാണ് കരയിലും ശുദ്ധജലത്തിലുമുള്ള ജീവജാതികളിൽ പകുതിയിലേറെ നിലനിൽക്കുന്നത്. ഏറ്റവും കൂടുതൽ ജീവിജാതികളെ വംശനാശത്തിലേയ്ക്ക് അയക്കുന്ന ഏറ്റവും വലിയ കശാപ്പുശാലകളും കൂടിയാണവ....... വനനശീകരണവും പരിസ്ഥിതി നാശവും ഇന്നത്തെ തോതിൽ തുടർന്നാൽ, ഭൂമിയിലെ ജീവജാതികളിൽ അഞ്ചിലൊന്ന് 2030 ആകുമ്പോഴേയ്ക്ക് വംശനാശമടഞ്ഞിരിക്കുമെന്നും, ഈ നൂറ്റാണ്ട് അവസാനിക്കുമ്പോഴേയ്ക്കും അവയിൽ പകുതിയും പോയിരിക്കുമെന്നും പറഞ്ഞാൽ തെറ്റുപറ്റാൻ ഇടയില്ല. തന്റെ ഹ്രസ്വകാല നിലനിൽപ്പിൽ മാത്രം താൽപര്യമുള്ള ഒരു ആഗോള കൊലയാളി ആയിട്ടാണ് മനുഷ്യൻ ഇതുവരെ ജീവിച്ചിരുന്നത്."*

**ഇ.ഒ. വിൽസൺ**

# ബി. ടി. വഴുതിനക്കെതിരായ പ്രക്ഷോഭത്തിൽ പങ്കാളികളാവുക !

## 2010 ജനുവരി 30 ശനിയാഴ്ച വൈകിട്ട് 3 മണി മുതൽ 6 വരെ ബത്തേരി സ്വതന്ത്രമൈതാനിയിൽ, സായാഹ്ന ധർണ്ണ പ്രൊഫ. ടി. മോഹൻ ബാബു ഉദ്ഘാടനം ചെയ്യുന്നു

പ്രിയ സുഹൃത്തേ,

പരമ്പരാഗത വിളകളും വിത്തുകളും കാർഷിക രീതികളും ജൈവവൈവിദ്ധ്യവും പരിസ്ഥിതിയും ജനങ്ങളുടെ ആരോഗ്യവും ഭക്ഷ്യ സുരക്ഷിതത്വവുമെല്ലാം ഭീമമായ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. ഇന്ത്യനും വിദേശിയുമായ കുത്തകകൾ ലാഭം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മാത്രം മുന്നിൽ കണ്ടുകൊണ്ട്, കാർഷിക മേഖലയിലേക്ക് കടന്നു കയറിയതിന്റെ തിക്തഫലങ്ങൾ നമ്മുടെ കർഷകർ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് ജനിതക മാറ്റം വരുത്തിയ വഴുതിന (ബി. ടി. വഴുതിന) ഇന്ത്യൻ കർഷകരുടെമേൽ കെട്ടിവെയ്ക്കാനുള്ള പരിശ്രമം.

ജനിതകമാറ്റം നടത്തിയ വഴുതിനയുടെ കൃഷി വ്യാപകമാകാൻ അനുവദിച്ചാൽ അതിന്റെ മറവിലൂടെ മിക്ക കൃഷികളിലേക്കും മൊൺസാന്റോ പോലുള്ള ഭീമൻ കുത്തകകൾ കടന്ന് വന്ന് ആധിപത്യമുറപ്പിക്കുകയും അതുവഴി നാടൻ കൃഷിയും വിത്തിനങ്ങളും നാമാവശേഷമാവുകയും കാർഷികവൃത്തിയിലൂടെ അതിജീവനം നടന്നുവരുന്ന ലക്ഷോപലക്ഷം പാവപ്പെട്ട കർഷകരുടെ നിലനിൽപ്പ് അപകടത്തിലാവുകയും ചെയ്യും. അതുകൊണ്ട് തന്നെ വൻകിട കമ്പനികളുടെ ചൊൽപ്പടിക്കു നിന്നുകൊണ്ട് ബി.ടി വഴുതിന കൃഷിയ്ക്ക് അനുമതി നൽകുന്ന സർക്കാരിനെതിരെയും അതു നടപ്പാക്കാനുദ്ദേശിക്കുന്ന കുത്തകകൾക്കെതിരെയും ഈ രാജ്യത്തെ ഗ്രാമീണ കർഷകരുടെ ശക്തമായ പ്രതിഷേധം ഉയർന്നുവരേണ്ടതുണ്ട്.

ഇക്കഴിഞ്ഞ ഒക്ടോബർ 14-ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് കീഴിലുള്ള ജനറ്റിക് എഞ്ചിനീയറിംഗ് അപ്രൂവൽ കമ്മിറ്റി വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യാനായി ബി. ടി വഴുതിനയ്ക്ക് അനുമതി നൽകി. എന്നാൽ രാജ്യമെങ്ങും ഉയർന്ന എതിർപ്പുകളുടെ അടിസ്ഥാനത്തിൽ അന്തിമ അനുമതി ഫെബ്രുവരിയിലേക്ക് മാറ്റികൊണ്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി ജയറാം രമേശ് ഉത്തരവിട്ടു. രാജ്യത്തെ ജനാഭിപ്രായം അറിയുന്നതിനായി പബ്ലിക് ഹിയറിംങ്ങ് നടത്താൻ തീരുമാനിക്കുകയും ചെയ്തു. തെക്കെ ഇന്ത്യൻ സംസ്ഥാനങ്ങൾക്കായുള്ള ഹിയറിംങ്ങ് ഫെബ്രുവരി 6-ന് ബാഗ്ലൂരിലാണ്.

ഈ സാഹചര്യത്തിലാണ്, മഹാത്മജിയുടെ രക്തസാക്ഷി ദിനമായ ജനുവരി 30-ന് രാജ്യമെങ്ങുമുള്ള പരിസ്ഥിതി കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകൾ ബി.ടി വഴുതിനക്കെതിരെ ഉപവാസം നടത്താൻ തീരുമാനിച്ചത്. ശക്തമായ ജനാഭിപ്രായ രൂപീകരണത്തിലൂടെയും പ്രക്ഷോഭങ്ങളിലൂടെയും മാത്രമെ, നമ്മുടെ തീൻ മേശയിലേക്ക് വരുന്ന ഈ വിഷത്തെ നമുക്ക് ചെറുക്കാനാവൂ.

അതിന്റെ മുന്നോടിയായി 2010 ജനുവരി 30-ന് ശനിയാഴ്ച വൈകിട്ട് 3 മണി മുതൽ 6 മണി വരെ, ബത്തേരി സ്വതന്ത്രമൈതാനിയിൽ നടത്തുന്ന സായാഹ്നധർണയിൽ പരിസ്ഥിതിയേയും കൃഷിയേയും മനുഷ്യനേയും സ്നേഹിക്കുന്ന മുഴുവൻ ആളുകളും പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. പ്രൊ.ടി.മോഹൻ ബാബു, ശ്രീ.പി.ലക്ഷ്മണൻ മാസ്റ്റർ തുടങ്ങിയവർ പങ്കെടുക്കുന്നതാണ്.

സ്നേഹത്തോടെ,

ഗ്രാമജ്യോതി ഫാർമേഴ്സ് ക്ലബ്ബ്, കല്ലൂർ
വയനാട് പ്രകൃതി സംരക്ഷണ സമിതി, ബത്തേരി

കല്ലൂർ
25-01-2010

Modern Offset, Bathery - Ph: 222681